"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - സേവനത്തിൽ നിന്ന് വിരമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ. സൈനുദ്ദീൻ.സി യ്ക്ക് ടിയാന്റെ അവധിക്കാല ശമ്പളം, ലീവ് സറണ്ടർ ആനുകൂല്യം എന്നിവ പരപ്പനങ്ങാടി നഗരസഭയിൽ നിന്നും അനുവദിക്കുന്നതിന് നഗരസഭയ്ക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.39/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/01/2021

---

പരാമർശം:- 1 സർക്കാർ കത്ത് നം. ഇപിഎ2/25/2017/തസ്വഭവ തീയതി 30/10/2018

2 ശ്രീ. സൈനുദ്ദീൻ.സി സമർപ്പിച്ച 18/02/2020 ലെ അപേക്ഷ

3 പഞ്ചായത്ത് ഡയറക്ടറുടെ 09/11/2020 ലെ PAN/2902/2019-E14(DP) നം. കത്ത്

**ഉത്തരവ്**

സേവനത്തിൽ നിന്നും വിരമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. സൈനുദ്ദീൻ.സി സമർപ്പിച്ച പരാമർശം (2) ലെ അപേക്ഷയിൽ ടിയാൻ വകുപ്പിൽ സേവനത്തിൽ ഇല്ലാതിരുന്ന 01.03.2017 മുതൽ 25.04.2017 വരെയുള്ള കാലയളവ് നഗരസഭാ സെക്രട്ടറി അർദ്ധവേതനാവധി അനുവദിച്ചെങ്കിലും ലീവ് കാലയളവിലെ ശമ്പളവും കൂടാതെ ടെർമിനൽ സറണ്ടർ ആനുകൂല്യവും അനുവദിച്ചില്ലെന്നും ടി ആനുകൂല്യങ്ങൾ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന അനുവദിക്കണമെന്നും അഭ്യർത്ഥിച്ചു.

പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിലെ (നിലവിൽ നഗരസഭ) ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന, മലപ്പുറം ജില്ലാ ശുചിത്വ മിഷനിൽ അന്യത്ര സേവന വ്യവസ്ഥയിൽ ജോലിചെയ്തിരുന്ന ശ്രീ.സൈനുദ്ധീൻ.സി ജില്ലാ ശുചിത്വ മിഷനിലെ അന്യത്ര സേവനകാലയളവ് കഴിഞ്ഞ് വീണ്ടും ശുചിത്വ മിഷനിൽ അന്യത്ര സേവന നിയമനം ലഭിക്കുന്നത് വരെയുള്ള 01.03.2017 മുതൽ 25.04.2017 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി കാലയളവ് പരിവർത്തിത അവധിയായി പരിഗണിച്ച് പരപ്പനങ്ങാടി നഗരസഭാ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായും ടി കാലയളവിലെ ശമ്പളം പഞ്ചായത്തു വകുപ്പിന്റെ ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ശ്രീ. സൈനുദ്ധീൻ അപേക്ഷ സമർപ്പിച്ചിരുന്നതായും ടി തുക മുനിസിപ്പാലിറ്റിയിൽ നിന്നും അനുവദിക്കുന്നതിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന കത്ത് നൽകിയിരുന്നതായും എന്നാൽ നാളിതുവരെ ടിയാന് അവധിക്കാല ശമ്പളം, ലീവ് സറണ്ടർ ആനുകൂല്യം എന്നിവ പരപ്പനങ്ങാടി നഗരസഭയിൽ നിന്നും അനുവദിച്ചിട്ടില്ലെന്ന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായപ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി - ബാധ്യത പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിൽ കൈമാറിയിട്ടുള്ള സാഹചര്യത്തിലും, ടിയാന്റെ അവധി അനുവദിച്ചിട്ടുള്ളത് നഗരസഭ ആയതിനാലും ടിയാന് അവധിക്കാല ശമ്പളം, ലീവ് സറണ്ടർ ആനുകൂല്യം എന്നിവ പരപ്പനങ്ങാടി നഗരസഭയിൽ നിന്നും അനുവദിക്കുന്നതിന് കത്ത് നൽകിയിട്ടും നഗരസഭ നാളിതുവരെ ടിയാന് അവധിക്കാല ശമ്പളം, ലീവ് സറണ്ടർ ആനുകൂല്യം എന്നിവ നൽകാത്ത സാഹചര്യത്തിലും ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളണമെന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം ( 3 ) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിൽ (01.11.2015 മുതൽ നഗരസഭയായി മാറി) നിന്നും 03.03.2014 മുതൽ ജില്ലാ ശുചിത്വ മിഷനിൽ ഡെപ്യൂട്ടേഷനിലിരിക്കെ ശ്രീ. സൈനുദ്ദീൻ.സി 30.04.2019 ന് സേവനത്തിൽ നിന്ന് വിരമിച്ചു. ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചതിനെ തുടർന്നും പഞ്ചായത്ത് വകുപ്പിൽ ടിയാനെ സേവനത്തിൽ പ്രവേശിപ്പിക്കാൻ ഒഴിവില്ലാതിരുന്നതിനെതുടർന്നും ശ്രീ. സൈനുദ്ദീൻ വകുപ്പിൽ

സേവനത്തിൽ ഇല്ലാതിരുന്ന 01.03.2017 മുതൽ 25.04.2017 വരെയുള്ള കാലയളവ് ടിയാന് അർഹതപ്പെട്ട ലീവ് അനുവദിക്കാൻ പരാമർശം (3) പ്രകാരം സർക്കാർ നിർദേശം നൽകിയിരുന്നു. പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായപ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി - ബാധ്യത പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയ്ക്ക് കൈമാറിയിട്ടുള്ള സാഹചര്യത്തിലും, ശ്രീ.സൈനുദ്ധീൻ.സി യ്ക്ക് 01.03.2017 മുതൽ 25.04.2017 വരെ അവധി അനുവദിച്ചിട്ടുള്ളത് നഗരസഭ ആയതിനാലും ടിയാന് അവധിക്കാല ശമ്പളം, ലീവ് സറണ്ടർ ആനുകൂല്യം എന്നിവ പരപ്പനങ്ങാടി നഗരസഭയിൽ നിന്നും അനുവദിക്കേണ്ടതാണെന്ന് കാണുന്നു.

മേൽ സാഹചര്യങ്ങളിൽ പരപ്പനങ്ങാടി ഗ്രാമപഞ്ചായത്തിൽ (നിലവിൽ നഗരസഭ) നിന്നും ജില്ലാ ശുചിത്വ മിഷനിൽ ഡെപ്യൂട്ടേഷനിലിരിക്കെ സേവനത്തിൽ നിന്ന് വിരമിച്ച ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ. സൈനുദ്ദീൻ.സി യ്ക്ക് ടിയാന്റെ അവധിക്കാല ശമ്പളം, ലീവ് സറണ്ടർ ആനുകൂല്യം എന്നിവ പരപ്പനങ്ങാടി നഗരസഭയിൽ നിന്നും അനുവദിക്കുന്നതിന് നഗരസഭയ്ക്ക് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എ
ഡെപ്യൂട്ടിസെക്രട്ടറി

ശ്രീ. സൈനുദ്ദീൻ.സി, (ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 - റിട്ടയേർഡ്) , പാണക്കാട്, പട്ടർകടവ്. പി.ഒ, മലപ്പുറം - 676519

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

സെക്രട്ടറി, പരപ്പനങ്ങാടി നഗരസഭ, മലപ്പുറം ജില്ല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

ഐ&പിആർഡി -വെബ് & ന്യൂ മീഡിയ

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/40/2020-LSGD) / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ